LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

(എ-സി) ഉണ്ട്; 2008-ലെ G.O.(Rt) No. 1504/2008/H&FWD പ്രകാരം കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്നും സംസ്ഥാനത്തെ മറ്റ് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പാരാമെഡിക്കൽ ഡിപ്ലോമ/ബിരുദ/ബിരുദാനന്തര കോഴ്സുകൾ പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകുന്നുണ്ട്. ആരോഗ്യ പരിപാലന രംഗത്തെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഇതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ കൃത്യതയും ഗുണനിലവാരവും വിലയിരുത്തുന്നതിനും മറ്റുമായി "നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആൻഡ് ഹെൽത്ത് കെയർ പ്രൊഫഷൻസ് (NCAHP) ആക്ട് 2021" എന്ന പേരിൽ 28-3-2021-ൽ കേന്ദ്ര സർക്കാർ നിയമം പാസ്സാക്കിയിട്ടുണ്ട്. അതുപ്രകാരം സംസ്ഥാന തലത്തിൽ സ്റ്റേറ്റ് അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. സംസ്ഥാനതലത്തിൽ കൗൺസിൽ രൂപീകരിക്കുമ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെ കേരള പാരാമെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷനിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും സംസ്ഥാനങ്ങളിലെ പാരാമെഡിക്കൽ കൗൺസിൽ/ യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ട് കോഴ്സുകളുടെ നിലവാരവും വിദ്യാർത്ഥികളുടെ യോഗ്യതയും പരിശോധിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാനും യോഗ്യരായവർക്ക് കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ലഭ്യമാക്കുവാനും സാധിക്കും.

ആർദ്രം പദ്ധതി

149 (3176) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ കീഴിൽ നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; വിശദ വിവരം ലഭ്യമാക്കുമോ?

കൊല്ലം നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ വികസനപ്രവൃത്തികൾ നടന്നിട്ടുണ്ട്. ആർദ്രം ഒന്നാം ഘട്ടം 28-3-2017-ലെ സ.ഉ.(കൈ) നമ്പർ 845/2017/ ആ.കു.വ. പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രം പെരുമൺ എന്ന സ്ഥാപനത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും അടിസ്ഥാന സൗകര്യം, രോഗീസൗഹൃദ അന്തരീക്ഷം, ലാബ് സൗകര്യം, ആവശ്യമായ തസ്തികകൾ എന്നിവ സൃഷ്ടിച്ച് സ്ഥാപനം നിലവിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ച് വരികയുമാണ്. അടിസ്ഥാനസൗകര്യ വികസനത്തിനായി എൻ.എച്ച്.എം. വഴി 10 ലക്ഷം രൂപയും 12-5-2017-ലെ സ.ഉ.(കൈ) നമ്പർ 75/2017/ആകുവ പ്രകാരം ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ടി സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണത്തിനായി 91.7 ലക്ഷം രൂപയുടെ എം.എൽ.എ. ഫണ്ട് ലഭ്യമാക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ആർദ്രം രണ്ടാം ഘട്ടം 16-6-2018-ലെ സ.ഉ.(കൈ) നമ്പർ 113/2018/ആ.കു.വ. പ്രകാരം ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കൊല്ലം നിയോജകമണ്ഡലത്തിലെ പി.എച്ച്.സി. തുക്കുവ, പി.എച്ച്.സി. കിളികൊല്ലൂർ എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ, ലാബ് സൗകര്യം, രോഗീസൗഹൃദ അന്തരീക്ഷം എന്നിവ വർദ്ധിപ്പിച്ച് കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തനം ആരംഭിക്കുന്നതിന് നിർമ്മാണ പ്രവൃത്തികൾ നടന്നുവരികയാണ്. ആയതിനായി പി.എച്ച്.സി. തുക്കുവ എന്ന സ്ഥാപനത്തിന് 18.39 ലക്ഷം രൂപ എൻ.എച്ച്.എം. വഴി അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെ പി.എച്ച്.സി. കിളികൊല്ലൂർ എന്ന സ്ഥാപനത്തിന് പുതിയ കെട്ടിടത്തിനായി എം.എൽ.എ. ഫണ്ടായി 130 ലക്ഷം രൂപയും എൻ.എച്ച്.എം. വഴി 7.58 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികൾ പ്രാരംഭഘട്ടത്തിലാണ്. നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തനം ആരംഭിക്കുന്നതുമാണ്. കൂടാതെ മേൽ സ്ഥാപനങ്ങളിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിപ്പിക്കുന്നതിന് 14-11-2019-ലെ സ.ഉ.(കൈ) നമ്പർ 171/2019/ആ.കു.വ പ്രകാരം ഒന്നു വീതം അസിസ്റ്റന്റ് സർജൻമാരും പി.എച്ച്.സി. തുക്കുവ എന്ന സ്ഥാപനത്തിൽ രണ്ട് സ്റ്റാഫ് നഴ്സുമാരുടെ തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്. തുക്കോവിൽവട്ടം പി.എച്ച്.സി.-യെ എഫ്.എച്ച്.സി.-യാക്കുന്നതിന് എൻ.എച്ച്.എം. വഴി 10.54 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. കൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായി 23-9-2017-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നമ്പർ 136/2017/ എച്ച്&എഫ്.ഡബ്ല്യു.ഡി. പ്രകാരം കൊല്ലം ജില്ലാ ആശുപത്രിയിൽ താഴെ പറയുന്ന തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	പുതിയതായി സൃഷ്ടിച്ച തസ്തിക	എണ്ണം
1	കൺസൾട്ടന്റ് യൂറോളജി	1
2	കൺസൾട്ടന്റ് ഫോറൻസിക് മെഡിസിൻ	1
3	ജൂനിയർ കൺസൾട്ടന്റ് റേഡിയോ തെറാപ്പി	1
4	ജൂനിയർ കൺസൾട്ടന്റ് ജനറൽ മെഡിസിൻ	1
5	കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ	2
6	ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് II	1
7	ഡയാലിസിസ് ടെക്നീഷ്യൻ	3
8	ഫിസിയോതെറാപ്പിസ്റ്റ്	1
9	മോർച്ചറി ടെക്നീഷ്യൻ	1
10	മെഡിക്കൽ റെക്കോർഡ് അറ്റൻഡർ	1
	ആകെ	13

കൂടാതെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി KIIFB മുഖേന കൊല്ലം ജില്ലാ ആശുപത്രിയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 183 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന് 104.49 കോടിയുടെ സാമ്പത്തിക അനുമതിയും നൽകിയിട്ടുണ്ട്. ജില്ലാ ആശുപത്രി കൊല്ലത്തിന്റെ ഒ.പി. നവീകരണത്തിനായി എൻ.എച്ച്.എം. വഴി 137 ലക്ഷം രൂപ അനുവദിച്ചു.

കാത്ത് ലാബുകൾ

150 (3177) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ സർക്കാർ ആശുപത്രികളിൽ കാത്ത് ലാബുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് തിരുവനന്തപുരം മെഡിക്കൽ കോളേജ്, തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രി, ജനറൽ ആശുപത്രി തിരുവനന്തപുരം, ജില്ലാ ആശുപത്രി കൊല്ലം, ജനറൽ ആശുപത്രി പത്തനംതിട്ട, ആലപ്പുഴ മെഡിക്കൽ കോളേജ്,